DITTO WS

Reg. No. : ....................................

Name : ..........................................

**S-2208**

**SECOND YEAR HIGHER SECONDARY**
**SAY / IMPROVEMENT EXAMINATION, JUNE – 2023**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടുത്തരം തെരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. മാതൃഭാഷാ പഠനത്തെക്കുറിച്ചുള്ള ഇ.സി.ജി. സുദർശന്റെ അഭിപ്രായത്തിൽ നിന്നും വ്യക്തമാകുന്ന രണ്ട് ആശയങ്ങളെഴുതുക.
   - പുതിയ ആശയങ്ങളുടെ രൂപീകരണത്തിന് മാതൃഭാഷ സഹായകമാണ്.
   - ശാസ്ത്രവിഷയങ്ങളുടെ പഠനത്തിന് മാതൃഭാഷ ആവശ്യമില്ല.
   - എല്ലാ വൈജ്ഞാനിക മേഖലകളെയും ഉൾക്കൊള്ളാൻ മാതൃഭാഷയ്ക്ക് കഴിയും.
   - സാഹിത്യ പഠനത്തിന് മാത്രമേ മാതൃഭാഷ സഹായകമാകുന്നുള്ളൂ.

2. കാട്ടാളന്റെ നഷ്ടസൗഭാഗ്യങ്ങളെ സൂചിപ്പിക്കുന്ന രണ്ട് പ്രയോഗങ്ങൾ കണ്ടെത്തുക.
   - കരിമരണം കാവലിരിക്കും കടുനോവിൻ കോട്ട
   - പച്ചപ്പൈ ചാടിനടക്കും മുത്തങ്ങാപ്പുല്ലുകൾ
   - കരിമേഘം ചത്തുകിടക്കും കാകോളക്കടലോ മാനം
   - കറുകപ്പുൽത്തുമ്പത്തമ്പിളി കളമെഴുതിപ്പാടിയ രാവുകൾ



P.T.O.

DITTO WS

3. ‘ഗൗളിജന്മം’ എന്ന കഥയ്ക്ക് അനുയോജ്യമായ വസ്തുതകൾ ഏവ.
   - ആൺഗൗളി പെൺഗൗളിയുടെ തീരുമാനത്തെ അംഗീകരിക്കുന്നു.
   - മമതയാണ് സർവദുഃഖങ്ങൾക്കും കാരണം
   - എത്ര പുരോഗമിച്ചാലും മനുഷ്യന്റെ അന്ധവിശ്വാസങ്ങൾക്ക് മാറ്റമില്ല.
   - സന്ദർശകയുടെ വരവ് രോഗിയ്ക്കും യുവതിയ്ക്കും ആശ്വാസമേകുന്നു.

4. നവ മാധ്യമങ്ങളുടെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക.
   - അറിവും വിവരങ്ങളും തൽസമയം ലഭിക്കുന്നു.
   - വ്യക്തി സ്വകാര്യതയെ മാനിക്കുന്നു.
   - സ്വതന്ത്രമായ ആവിഷ്ക്കാരത്തിന് സൗകര്യമുണ്ട്.
   - ഉള്ളടക്കത്തിന്റെ വലുപ്പം സംബന്ധിച്ച നിബന്ധനകളുണ്ട്.

5. “കുറവല്ലാതെ നമുക്കൊരുവസ്തു
   പറവാനില്ല ജനിച്ചേപ്പിന്നെ” – ശീലാവതിയുടെ പരിഭവത്തിൽ നിന്നും വ്യക്തമാകുന്ന വസ്തുതകൾ ഏവ.
   - ഭർത്താവിനെ പരിചരിക്കില്ലായെന്ന തീരുമാനം
   - എന്നും കുറ്റപ്പെടുത്തൽകേട്ട് ജീവിക്കാനാണ് തന്റെ യോഗമെന്ന ആത്മഗതം
   - ജാതകദോഷം സ്ത്രീജൻമത്തിന്റെ സാമാന്യവിധിയാണെന്ന കാഴ്ചപ്പാട്
   - ഭർത്താവിന് നൽകുന്ന ഔഷധങ്ങൾക്ക് കൃത്യമായ ഫലം ലഭിക്കുന്നുവെന്ന ആശ്വാസം.

6. ‘ബദരിയും പരിസരങ്ങളും’ എന്ന യാത്രാവിവരണ ഭാഗത്തെ പരാമർശങ്ങളേവ.
   - യമുനോത്രി ക്ഷേത്ര വിവരണം.
   - പട്ടാളക്കാരുടെ ജീവിത ചിത്രീകരണം.
   - അസിത മുനിയെക്കുറിച്ചുള്ള പരാമർശം
   - അലുമിനിയം ക്യാമ്പിന്റെ വിവരണം

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)**

7. ‘വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ’ എന്ന ഫീച്ചറിൽ സച്ചിന്റെ വിടവാങ്ങലിനെ വൈകാരികതയോടെ ആവിഷ്കരിച്ചിരിക്കുന്ന രണ്ട് സന്ദർഭങ്ങൾ കണ്ടെത്തിയെഴുതുക.

8. ‘പ്രതിസന്ധികളെ തരണംചെയ്ത് മുന്നേറിയ വ്യക്തിയാണ് കലാമണ്ഡലം ഹൈദരലി’– ഹൈദരലിയുടെ ജീവിതത്തിലെ ഏതെങ്കിലും രണ്ട് പ്രതിസന്ധികൾ പാഠഭാഗത്തു നിന്നും കണ്ടെത്തുക.

9. “പലതും പറഞ്ഞുപിന്നെ ഫലിതമത്രേ പാർത്തോളം” – സന്ദർഭം വ്യക്തമാക്കുക.

10. അച്ഛനമ്മമാർ കരുതിയതിനെക്കാൾ നിശ്ചയദാർഢ്യമുള്ളവരായിരുന്നു ടോട്ടോയും ജോവലും എന്നു തെളിയിക്കുന്ന രണ്ട് സന്ദർഭങ്ങൾ ‘പ്രകാശം ജലം പോലെയാണ് ’ എന്ന കഥയിൽ നിന്നും കണ്ടെത്തുക.

DITTO WS

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. (6 × 4 = 24)**

11. പ്രാർത്ഥന തനിക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കും വേണ്ടിയുള്ളതാണ് – എന്ന സങ്കല്പമാണ് ശ്രീനാരായണഗുരുവിന്റെ 'ദൈവദശക'ത്തിൽ അടങ്ങിയിരിക്കുന്നത്. കുറിപ്പെഴുതുക.

12. 'വ്യക്തവും ശക്തവും ശുദ്ധവുമായിരിക്കണം മാധ്യമങ്ങളിലെ ഭാഷാരീതി' – ഡോ.വി.ആർ പ്രബോധചന്ദ്രന്റെ ലേഖനത്തെ ആസ്പദമാക്കി ലഘുകുറിപ്പ് തയാറാക്കുക.

13. മരണം ഫലിതമായി മാറുകയാണ് 'തേങ്ങ' എന്ന കവിതയിൽ – സ്വാഭിപ്രായം കുറിക്കുക.

14. "എനിക്കുണ്ടല്ലോ നിങ്ങളെക്കാൾ ഗൗരവം" – (അഗ്നിവർണന്റെ കാലുകൾ) അടിച്ചുതളിക്കാരിയുടെ വാക്കുകളിലൂടെ വ്യക്തമാകുന്ന ആശയമെന്ത് ?

15. കേരളീയമായ പ്രമേയം പുലിക്കോട്ടിൽ കൃതികളുടെ പ്രത്യേകതയാണ്. ഉദാഹരണ സഹിതം വ്യക്തമാക്കുക.

16. "ഉലകാകെയുലച്ചും മട്ടിൽ
അലറീ കാട്ടാളൻ" – (കിരാതവൃത്തം) സന്ദർഭം വിശദമാക്കുക.

17. ഫീച്ചറിനുവേണ്ട ഏതെങ്കിലും രണ്ട് സവിശേഷതകൾ വിശദമാക്കുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

18. ദുഷ്യന്തന്റെ കഠിനമായ നിന്ദാവചനങ്ങളോടുള്ള ശകുന്തളയുടെ പ്രതികരണം എന്തായിരുന്നു ?

19. സാങ്കേതിക വിദ്യയിലെ പുതിയ കണ്ടുപിടുത്തങ്ങൾ ഓരോ വ്യക്തിയിലും വരുത്തുന്ന മാറ്റങ്ങൾ 'കൈയോപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

20. "ആവിഷ്കാരത്തിലെ ആത്മാർത്ഥത ആത്മകഥയുടെ മാറ്റുവർദ്ധിപ്പിക്കും" – കലാമണ്ഡലം ഹൈദരലിയുടെ ആത്മകഥാ ഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

21. 'ബദരിയും പരിസരങ്ങളും', 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്നീ യാത്രാവിവരണ ഭാഗങ്ങൾ താരതമ്യപ്പെടുത്തി സഞ്ചാര സാഹിത്യത്തിനു വേണ്ട സവിശേഷതകൾ കണ്ടെത്തുക.

DITTO WS

**താഴെ തന്നിരിക്കുന്ന കാവ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)**

അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരൾ വാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി.
ക്കരയായ്കോമനേ, വരുന്നു ഞാൻ

പനിനീർ ച്ചെമ്പകച്ചെറുമുള്ളേറ്റു, നിൻ
കുരുന്നു കൈവിരൽ മുറിഞ്ഞിതേ !
തനിയേ തൈമാവിൽക്കയറി വീണോമൽ
ച്ചെറു കാൽമുട്ടുകൾ ചതഞ്ഞിതേ !

കരുതേണ്ട, തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ.

ഉരച്ചിവണ്ണമക്ഷത മോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളി പോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ

(പരുക്കേറ്റ കുട്ടി)

(ഭൂഷണം – അലങ്കാരം, ക്ഷതം – മുറിവ്, ശശി – ചന്ദ്രൻ)

22. കുട്ടി കരയാനുണ്ടായ കാരണമെന്താണ് ?

23. മുറിവ് ഭൂഷണമാണെന്ന് അമ്മ പറഞ്ഞതിനു പിന്നിലുള്ള ആശയമെന്ത് ?

24. കുട്ടിക്കുണ്ടായ സന്തോഷത്തെ കവി എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

25. 'ഗൗളിജന്മം' എന്ന കഥയിലെ പെൺഗൗളി ഇച്ഛാ ശക്തിയോടെയും ഉൾക്കരുത്തോടെയും മുന്നോട്ടുപോകുന്ന സ്ത്രീയുടെ പ്രതീകമാണ്. ഈ പ്രസ്താവനയെ വിലയിരുത്തുക.

26. അധികാരത്തിന്റെ ജീർണതകളെ ആക്ഷേപ ഹാസ്യത്തിലൂടെ വിമർശിക്കുന്ന നാടകമാണ് 'അഗ്നിവർണന്റെ കാലുകൾ' – ഉപന്യാസം തയാറാക്കുക.

27. 'ഒരിക്കലും ഉത്തരം കിട്ടാത്ത അന്വേഷണമായിത്തീരുകയാണോ ദിവാകരന്റെ ജീവിതം' – പി. പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയെ ആസ്പദമാക്കി വിശകലനം ചെയ്യുക.